പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 403 07.01.2014 ൽ മറുപടിക്ക്

സബർബൻ ട്രെയിൻ സർവ്വീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. മുരളീധരൻ:<br>,, എം.എ. വാഹീദ്;<br>,, പി.സി. വിഷ്ണുനാഥ് :<br>,, കെ. ശിവദാസൻ നായർ: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും, റെയിൽവേയും വകുപ്പുമന്ത്രി) | |
| (എ) | സബർബൻ ട്രെയിൻ സർവ്വീസ് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത ട്രെയിൻ സർവ്വീസ് സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ്; | (ബി) | ആദ്യഘട്ടത്തിൽ തിരുവനന്തപുരത്തിനും ചെങ്ങന്നൂർ/ ഹരിപ്പാടിനും ഇടയ്ക്ക് ഓട്ടോമാറ്റിക് സിഗ്നലിംഗ് സിസ്റ്റം ഏർപ്പെടുത്തി, ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) മുഖേന MEMU/EMU റേക്കുകൾ ഉപയോഗിച്ച് സബർബൻ ട്രെയിൻ സർവ്വീസ് ആരംഭിക്കുന്നതിനായുള്ള പദ്ധതിയ്ക്ക് സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകാരം നല്കുകയും പദ്ധതിയുടെ സാദ്ധ്യതാ പഠനം മുംബൈ റയിൽവേ വികാസ് കോർപ്പറേഷൻ ലിമിറ്റഡ് (MRVC) എന്ന കമ്പനിയെ ഏല്പിക്കുകയും അവർ ഇടക്കാല റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തി |

| | | | |
|---|---|---|---|
| | | | ട്ടുണ്ട്. സബർബൻ ട്രെയിൻ സർവ്വീസിനായുള്ള റോളിംഗ് സ്റ്റോക്ക് (Rolling Stock) ഓട്ടോമാറ്റിക് സിഗ്നലിംഗ് സിസ്റ്റം (ASS), ടി ലൈനുകളിലെ 25 റയിൽവേ സ്റ്റേഷനുകളുടെ നവീകരണം എന്നിവ സംസ്ഥാന സർക്കാരാണ് ഏർപ്പെടുത്തേണ്ടത്. |
| (സി) | പ്രസ്തുത ട്രെയിൻ സർവ്വീസിനുള്ള ചെലവ് എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (സി) | പദ്ധതിയുടെ DPR ലഭിച്ച ശേഷമേ കണക്കാക്കാനാകൂ. |
| (ഡി) | പ്രസ്തുത ട്രെയിൻ സർവ്വീസ് സംബന്ധിച്ച് സാദ്ധ്യതാപഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ഡി) | സാദ്ധ്യതാ പഠനം മുംബൈ റയിൽവേ വികാസ് കോർപ്പറേഷനെ (MRVC) ഏൽപ്പിച്ചിരിക്കുകയാണ് അവർ ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ